കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഭവന നിർമ്മാണം-ആശ്രയ അഗതി ഗുണഭോക്താക്കൾക്ക് ധന സഹായതുക വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(എം.എസ്)നം: 83/2012/തസ്വഭവ തിരുവനന്തപുരം, തീയതി: 30/3/2012

---

പരാമർശം:- 1. 27/2/12-ലെ സ.ഉ (എം.എസ്) നം. 52/2012/തസ്വഭവ

2. ആലപ്പുഴ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 3/3/12-ലെ എസ്.ഡബ്ല്യു 65/12 നമ്പർ കത്ത്.

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 20/3/2012-ലെ തീരുമാനം ഇനം. നം. 3.33.

**ഉത്തരവ്**

എല്ലാ ഇ.എം.എസ് ഭവന പദ്ധതി ഗുണഭോക്താക്കൾക്കും പദ്ധതി വിഹിതത്തിൽ നിന്നും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് യൂണിറ്റ് കോസ്റ്റ് ജനറൽ വിഭാഗ ത്തിനും പട്ടികജാതി വിഭാഗത്തിനും 2,00,000/- (രണ്ടു ലക്ഷം) രൂപയായും പട്ടികവർഗ്ഗ വിഭാഗത്തിന് 2,50,000/- (രണ്ടു ലക്ഷത്തി അൻപതിനായിരം) രൂപയായും വർദ്ധിപ്പിച്ച് 15/9/2011 മുതൽ പ്രാബല്യം നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള നിരക്കായിരുന്നു ആശ്രയ അഗതി വിഭാഗങ്ങൾക്കും നൽകിയിരുന്നതെന്നും ടി വിഭാഗങ്ങൾക്കുള്ള നിരക്ക് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം 2,50,000/- രൂപയാക്കി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ആശ്രയ അഗതി വിഭാഗങ്ങളിലെ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണത്തിനുള്ള വർദ്ധിപ്പിച്ച ധനസഹായം ബാധകമാക്കണമെന്ന് പരാമർശം (2) പ്രകാരം ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരുന്നു.

ഭവന നിർമ്മാണത്തിനായുള്ള ധനസഹായ സബ്സിഡി ജനറൽ, പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ഉയർത്തിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത നിരക്ക് പരാമർശം (1)-ലെ ഉത്തരവിലെ പ്രാബല്യതീയതി മുതൽ ആശ്രയ അഗതി ഗുണഭോക്താക്കൾക്കും ബാധമാക്കി പരാമർശം (3) പ്രകാരം തീരുമാനിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആശ്രയ അഗതി ഗുണഭോക്താക്കൾക്കും സൂചന (1)-ലെ ഉത്തരവിലെ സബ്സിഡി നിരക്ക് പ്രാബല്യ തീയതിയായ 15/9/11-മുതൽ ബാധക മാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഒരു ഘട്ടമെങ്കിലും പണി പൂർത്തിയാക്കി ധനസഹായം സ്വീകരിച്ചിട്ടുള്ളവർക്ക് അവശേഷിക്കുന്ന ഘട്ടങ്ങൾക്ക്/ഘട്ടത്തിന് ആനുപാതികമായ വർദ്ധന വായിരിക്കും ബാധകമായിരിക്കുന്നത്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ജെയിംസ് വർഗ്ഗീസ്**

ഗവ.പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

(.... 2)

2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പൽ ചെയർപേഴ് സൻമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻ മാർക്കും
7. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
8. പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ്
9. സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
10. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്
11. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
12. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
13. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
14. മുഖ്യ നഗരാസൂത്രകൻ
15. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
16. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്
17. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
18. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
19. എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി(ജില്ലാകളക്ടർമാർ)മാർക്കും
20. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21. എല്ലാപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
22. എല്ലാ അസിസ്റ്റന്റ് ഡവലപ് മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
23. എല്ലാ നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർമാർക്കും
24. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
25. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
26. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
27. സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
28. സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
29. സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
30. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ആഡിറ്റ്) കേരള,തിരുവനന്തപുരം
31. അക്കൗണ്ടന്റ് ജനറൽ(എആന്റ് ഇ)കേരള,തിരുവനന്തപുരം
32. എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
33. മെമ്പർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
34. ഓഫീസ് കോപ്പി/കരുതൽഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: 1. തദ്ദേശസ്വയംഭരണ (പഞ്ചായത്ത്) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. തദ്ദേശസ്വയംഭരണ (നഗരകാര്യ) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3. തദ്ദേശസ്വയംഭരണ (ഗ്രാമവികസന) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
5. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
6. തദ്ദേശസ്വയംഭരണ ഡിഎ/ഡിസി/ഡിഡി സെക്ഷനുകൾക്ക്